# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2874  18.06.2019 ൽ മറുപടിക്ക്**

**കൊല്ലം ജില്ലയിലെ റോഡുകളുടെ നിർമ്മാണപ്രവൃത്തിയിലെ അപാകത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോജി എം. ജോൺ | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കൊല്ലം ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന റോഡുകളുടെ പ്രവൃത്തിയെ സംബന്ധിച്ച് ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ നിർമ്മാണപ്രവർത്തനം നിർത്തിവെയ്ക്കുവാൻ മന്ത്രിതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ;<br><br>ബി) ഏതൊക്കെ റോഡുകളുടെ നിർമ്മാണ പ്രവർത്തനമാണ് ഇപ്രകാരം നിർ ത്തിവച്ചത്; | എ) & ബി) കൊല്ലം ദേശീയപാതാ വിഭാഗത്തിന് കീഴിലുള്ള "CRF – 2016-17-Improvements to Chengamanad Kadakkal Road (Km 0/000 to 15/000) in the State of Kerala" എന്ന പ്രവൃത്തി 28.05.2019 ന് നിർത്തി വെയ്ക്കാനും പിന്നീട് 03.06.2019-ന് പുനരാരംഭിക്കുവാനും മന്ത്രിതലത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിരത്തു വിഭാഗത്തിനു കീഴിൽ കിഫ്ബി 2016-17 ൽ ഉൾപ്പെട്ട പാങ്ങോട്-കടയ്ക്കൽ-ചിങ്ങേലി-ചടയമംഗലം റോഡ് ശാസ്താംകോട്ട-കൊട്ടാരക്കര-നീലേശ്വരം കോർട്ട് കോംപ്ലക്സ് റോഡ് എന്നീ പദ്ധതികൾ താൽക്കാലികമായി നിർത്തിവയ്ക്കാനും പിന്നീട് പുനരാരംഭിക്കാനും നിർദ്ദേശം നൽകിയിരുന്നു. |
| സി) റോഡ് നിർമ്മാണത്തിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയത്; | സി) റോഡ് പ്രവൃത്തികളിൽ ക്രമക്കേടുകളും കാലതാമസവും ഗുണനിലവാരക്കുറവും സംഭവിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവും വീഴ്ചയുമാണ് ഇത്തരം ക്രമക്കേടുകൾക്ക് കാരണം. |
| ഡി) ഇതിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ? | ഡി) ഇതിൽ കുറ്റക്കാരായ ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ